ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ അധികാരങ്ങൾ

107 (108) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ "ടേംസ് ഓഫ് റഫറൻസ്" എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനെ "കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട്" അനുസരിച്ചാണോ നിയമിച്ചിട്ടുള്ളത് ;

(സി) ഈ കമ്മീഷന് തെളിവുകൾ സമാഹരിക്കുന്നതിന് ആവശ്യം വേണ്ട സിവിൽ കോടതിയുടെ അധികാരങ്ങളുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, തെളിവുകൾ ശേഖരിക്കുന്നതിന് സിവിൽ കോടതിയുടെ അധികാരങ്ങൾ പ്രസ്തുത കമ്മീഷന് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†.

(ബി) അല്ല.

(സി) ഇല്ല.

(ഡി) ഈ കമ്മീഷൻ ക്രീമിലെയറിൽ സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കനുസാരമായി പിന്നോക്ക വിഭാഗങ്ങൾക്കും പരമാവധി പ്രയോജനം നൽകുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കാനുള്ളതാണ്. താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇക്കാര്യത്തെപ്പറ്റി കമ്മീഷന് നിവേദനം സമർപ്പിക്കാം. കമ്മീഷൻ അപ്രകാരമുള്ള നിവേദനങ്ങൾ ക്ഷണിക്കുകയും ചെയ്തു. അതല്ലാതെ ആരെയെങ്കിലും സമൺ ചെയ്ത് തെളിവെടുക്കേണ്ട കാര്യമില്ല. അതിനാൽ എൻക്വയറി കമ്മീഷൻ ആക്ട്പ്രകാരം കമ്മീഷനെ നിയമിച്ചില്ല.

അന്വേഷണ കമ്മീഷനുകൾ

108 (109) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം XXIV

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് ഏതെങ്കിലും അന്വേഷണ കമ്മീഷനുകളെ നിയമിച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ അതിൽ ഏതെങ്കിലും അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ അംഗീകരിച്ച അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ടുകളിൻമേൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ഡി) എങ്കിൽ അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ടകളിൻമേൽ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(ഇ) മുൻഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാർ നടത്തിയതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്താമോ ;

(എഫ്) അഴിമതിക്കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും മുൻമന്ത്രിമാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഗവർണറുടെ അനുമതി ലഭിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് ആറ് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

(ബി-ഡി) ശ്രീ. ജസ്റ്റീസ് ശിവരാമൻ നായർ കമ്മീഷൻ, ശ്രീ. കെ. സുധാകരൻ കമ്മീഷൻ, ശ്രീ. ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ, ശ്രീ. കെ. പി. നാരായണൻ നായർ കമ്മീഷൻ, എന്നീ കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിക്കുകയും അവ സർക്കാർ അംഗീകരിക്കുകയും ഉണ്ടായി. പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സ്വീകരിച്ച നടപടികളുടെ രേഖ നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ&എഫ്) 1. പാമോയിൽ ഇറക്കുമതിയിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള വിജിലൻസ് കേസിൽ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, മുൻ ഭക്ഷ്യമന്ത്രി ശ്രീ. ടി. എച്ച്. മുസ്തഫ എന്നിവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. ഇവർക്കെതിരെ ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് അനുസരിച്ച് പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ നിയമനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് കേസിൽ മുൻ എക്സൈസ് മന്ത്രി ശ്രീ. എം ആർ. രഘുചന്ദ്രപാലിനും മറ്റു ചിലർക്കും എതിരെ പ്രോസിക്യൂഷൻ അനുവാദം നൽകിയിട്ടുണ്ട്.

3. കുരിയാർകുട്ടി, കാരപ്പാറ ഇറിഗേഷൻ പ്രോജക്ട് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച കേസിൽ മുൻ മന്ത്രി ശ്രീ. ടി. എം. ജേക്കബിനും മറ്റു ചിലർക്കുമെതിരെയുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. ഗവൺമെന്റ് പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.

4. കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇന്ത്യാ കമ്പനിക്ക് വൈദ്യുതി വിറ്റതിലെ ക്രമക്കേടുകൾ സംബന്ധിച്ച് മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. ഈ കേസിലും സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. ഈ നാലു കേസുകളിലും മുൻമന്ത്രിമാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഗവർണറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

ജസ്റ്റീസ് ഖാദർ കമ്മീഷൻ

109 (110) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് രൂപീകരിച്ച ജസ്റ്റീസ് ഖാദർ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ എന്തായിരുന്നു ;

(ബി) ഈ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആ റിപ്പോർട്ടിന്റെ പ്രധാന ശുപാർശ എന്താണ് ;

(സി) പിന്നോക്ക വിഭാഗക്കാർക്ക് സർവീസിലുള്ള പ്രാതിനിധ്യം സംബന്ധിച്ച അന്വേഷണത്തിന് ശ്രീ. സുന്ദരേശൻ ഐ.എ.എസ്-നെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിരുന്നുവോ ;

(ഡി) 1964-ൽ നിയോഗിച്ച ഈ കമ്മറ്റി ഉദ്യോഗസ്ഥന്റെ അന്വേഷണ വിഷയങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങൾ വിശദമാക്കാമോ ;

(എഫ്) ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly